ISSUE: 143 www.keralacartoonacademy.com KCA weekly E-news bulletin ● Dated 07-09-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

## ടൂൺ ക്രാഫ്റ്റ് സീസൺ 3

**കേരള** കാർട്ടൂൺ അക്കാദമി അംഗങ്ങൾക്ക് മാത്രമായി രണ്ടുദിവസത്തെ കാർട്ടൂൺ ക്യാമ്പ് സംഘടിപ്പിക്കുന്നു. 2026 ഒക്ടോബർ 10, 11 തീയതികളിൽ കണ്ണൂർ പാംഗ്രോവ് ഹെറിട്ടേജ് റിസോട്ടിലാണ് ക്യാമ്പ് നടക്കുന്നത്. ക്യാമ്പ് ഡയറക്ടറായി കേരള കാർട്ടൂൺ അക്കാദമി വൈസ് ചെയർമാൻ കെ.വി.എം. ഉണ്ണിയേയും, ക്യാമ്പ് കോഡിനേറ്ററായി അക്കാദമി നിർവാഹക സമിതി അംഗം കാർട്ടൂണിസ്റ്റ് സുരേന്ദ്രൻ വാരച്ചാലിനെയും നിർവാഹക സമിതി ചുമതലപ്പെടുത്തി. കാർട്ടൂണിസ്റ്റുകളുടെ കാർട്ടൂൺ കലയിലെ മികവ് വർദ്ധിപ്പിക്കുക, ആശയ വികസനം, ശൈലി മെച്ചപ്പെടുത്തൽ, ഡിജിറ്റൽ സാങ്കേതികത, സമകാലിക കാർട്ടൂൺ രംഗത്തെ പ്രവണതകൾ എന്നിവയിൽ പ്രായോഗികവും സിദ്ധാന്തപരവുമായ പരിശീലനം നൽകുകയും കൂടാതെ ക്യാമ്പ് അംഗങ്ങൾ തന്റെ സൃഷ്ടിയുടെ ആശയം, പ്രക്രിയ, പശ്ചാത്തലം എന്നിവയെക്കുറിച്ച് വിശദീകരിക്കുന്ന കാർട്ടൂണിസ്റ്റ് ടോക്ക് എന്ന ആശയവിനിമയ സംവാദ പരിപാടി എന്നിവയുമാണ് ക്യാമ്പിന്റെ പ്രധാന ലക്ഷ്യം. പരിചയസമ്പന്നരായ കാർട്ടൂണിസ്റ്റുകളുടെ നേതൃത്വത്തിൽ ക്ലാസുകളും സംവാദങ്ങളും പ്രായോഗിക സെഷനുകളും ഉൾപ്പെടുത്തിയാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. 40 കേരള കാർട്ടൂൺ അക്കാദമി അംഗങ്ങൾക്ക് ക്യാമ്പിലേയ്ക്ക് രജിസ്റ്റർ ചെയ്ത് പങ്കെടുക്കാം. ഒക്ടോബർ 10 ലെ താമസവും, 10, 11 തിയതികളിലെ ഭക്ഷണവും അക്കാദമി ഒരുക്കും. രജിസ്റ്റർ ചെയ്യാൻ താത്പര്യമുള്ളവർ രജിസ്ട്രേഷൻ ഫീസായ 500 രൂപ താഴെ കൊടുത്തിരിക്കുന്ന അക്കാദമി അക്കൗണ്ടിൽ അടയ്ക്കണം. പണം അടച്ചതിന്റെ വിവരങ്ങൾ സ്ക്രീൻഷോട്ട് അടക്കം ട്രഷറർ സജ്ജീവ് ബാലകൃഷ്ണനെ (9447704693) അറിയിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 അക്കാദമി അംഗങ്ങൾക്ക് മാത്രമായി ക്യാമ്പ് അംഗത്വം പരിമിതപ്പെടുത്തിയിട്ടുണ്ട്. ●



Kerala Cartoon Academy
SB A/C No. 67084090002
SBI, Kaloor,
Ernakulam
IFSC: SBIN0070327

ക്യാമ്പിന്റെ കൂടുതൽ വിവരങ്ങൾക്ക്,
**കെ.വി.എം. ഉണ്ണി,**
ക്യാമ്പ് ഡയറക്ടർ 9446770277
**സുരേന്ദ്രൻ വാരച്ചാൽ,**
ക്യാമ്പ് കോഡിനേറ്റർ 9567664921

## ഷിജു ജോർജ് ഇനി ഡൽഹിയിൽ



**കേരള** കാർട്ടൂൺ അക്കാദമി അംഗമായ കാർട്ടൂണിസ്റ്റ് ഷിജു ജോർജ് തന്റെ പ്രവർത്തന മേഖല ഡൽഹിയിലേയ്ക്ക് മാറ്റി. നോയിഡയിൽ സ്ഥിതി ചെയ്യുന്ന ആഗോള ഐഗെയിമിംഗ് (ഓൺലൈൻ ഗെയിമിംഗ്) മേഖലയിലെ ഒരു പ്രമുഖ ഡെവലപ്പറായ അറിസ് സൊല്യൂഷൻസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിൽ സീനിയർ ഗെയിം ആർട്ടിസ്റ്റ് എന്ന നിലയിലാണ് ഷിജു പുതിയതായി നിയമിതനായത്. ●

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad


**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

# ഡാവിഞ്ചി സുരേഷ് & ഹേമ @ 25



**കേരള** കാർട്ടൂൺ അക്കാദമി അംഗം ഡാവിഞ്ചി സുരേഷും ഹേമയും 25-ാം വിവാഹ വാർഷികം ആഘോഷിച്ചു. 100 വ്യത്യസ്ത മാധ്യമങ്ങളിലൂടെ ചിത്രങ്ങൾ വരച്ച് ശ്രദ്ധേയനായ ഡാവിഞ്ചിയെ കേരള കാർട്ടൂൺ അക്കാദമി കഴിഞ്ഞ വാർഷിക യോഗത്തിൽ ആദരിച്ചിരുന്നു. ഇരുവർക്കും കേരള കാർട്ടൂൺ അക്കാദമിയുടെ ആശംസകൾ നേരുന്നു. ●

# അഞ്ജൻ സതീശ് അഡോബ് വേദിയിൽ



**കേരള** കാർട്ടൂൺ അക്കാദമി ഐക്കൺ അഞ്ജൻ സതീശ് ബാംഗ്ലൂരിൽ അഡോബ് ആക്സസിബിലിറ്റി സിംബോസിയത്തിൽ പങ്കെടുത്തു. അഞ്ജൻ സതീശ് അവിടെ പങ്കെടുത്തവർക്ക് വരച്ച് നൽകിയ കാരിക്കേച്ചറുകൾ ശ്രദ്ധേയമായി. ●

# സുരേഷ് ഹരിപ്പാടിന് ആദരം




**കേരള** കാർട്ടൂൺ അക്കാദമി നിർവാഹക സമിതി അംഗം സുരേഷ് ഹരിപ്പാടിനെ മിത്രം ആതുര സാംസ്കാരിക സമിതി സംഘടിപ്പിച്ച ഓണാഘോഷത്തിൽ ഒരു ഗാനം ആലപിച്ചതിന് ആദരിച്ചു. ●

# അനിൽ വേഗയുടെ ഡോൺ ബുക്സ് @ 14



**കേരള** കാർട്ടൂൺ അക്കാദമി അംഗം അനിൽ വേഗ നേതൃത്വം കൊടുക്കുന്ന ഡോൺ ബുക്സ് 14 വർഷം പൂർത്തീകരിക്കുന്നു. ഡോൺ ബുക്സ് കോട്ടയത്ത് ബേക്കർ ജംഗ്ഷനിൽ കാരൂർ വൈശാബാങ്കിന്റെ നേര മുകളിൽ ഒന്നാം നിലയിൽ പുസ്തക ഇടം തുറക്കുകയാണ്. ഇവിടെ ചെറിയ പുസ്തക പ്രകാശനങ്ങൾ, പുസ്തക ചർച്ചകൾ, ചെയ്യാനുള്ള സംവിധാനം, ഡിസൈൻ സ്റ്റുഡിയോ, സ്പീക്കർ സിസ്റ്റം, എ.സി എല്ലാമുണ്ട്. അനിൽ വേഗയ്ക്കും, ഡോൺ ബുക്സിനും കേരള കാർട്ടൂൺ അക്കാദമിയുടെ ആശംസകൾ. ●



## പുസ്തക പരിചയം

# അക്ഷീന്തല്ലു

സുരേന്ദ്ര, ഗജ്ജേജല മല്ലറെഡ്ഡി
പ്രസാധകർ: പെന്നിറ്റി ബുക്സ്

**മുതിർന്ന** കാർട്ടൂണിസ്റ്റുകളായ സുരേന്ദ്ര, ഗജ്ജേജല മല്ലറെഡ്ഡി എന്നിവരുടെ സംയുക്ത കാർട്ടൂൺ സമാഹാരമായ 'അക്ഷീന്തലു' പുറത്തിറങ്ങി. ഗജ്ജേജല മല്ലറെഡ്ഡിയുടെ കവിതകളും സുരേന്ദ്രയുടെ കാർട്ടൂണുകളും ഉൾക്കൊള്ളുന്നതാണ് പുസ്തകം. രാഷ്ട്രീയസാമൂഹിക വിഷയങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്നതാണ് ഈ പുസ്തകത്തിലെ ഓരോ രചനകളും. കമ്മ്യൂണിസ്റ്റ് അനുകൂല നിലപാടുകളായിരുന്നു ആന്ധ്രയിലെ ആദ്യകാല കാർട്ടൂണിസ്റ്റുകൾക്ക് ഉണ്ടായിരുന്നത്. കാർട്ടൂണുകളും കവിതയും ചേർന്നുള്ള രീതിയാണ് ആന്ധ്രയിൽ ആദ്യകാലത്ത് ജനപ്രിയമായിരുന്നത്. അതുതന്നെയാണ് ഈ പുസ്തകത്തിൽ മല്ലറെഡ്ഡിയുടെയും സുരേന്ദ്രയും നമുക്ക് സമ്മാനിക്കുന്നത്.

മല്ലറെഡ്ഡിയുടെയും സുരേന്ദ്രയുടെയും സംയുക്ത സംരംഭമായതിനാൽ ഈ പുസ്തകം ശ്രദ്ധേയമാണെന്ന് വ്യാപകമായി അഭിപ്രായമുണ്ട്. 'ശരീരം ശുദ്ധീകരിക്കാൻ വെള്ളം എത്രത്തോളം അനിവാര്യമാണോ, അതുപോലെ ആത്മാവിനെ ശുദ്ധീകരിക്കാൻ ഓർമ്മകളും അവ ഉണർത്തുന്ന കണ്ണുനീരും അനിവാര്യമാണ്'. അത്തരം ഹൃദയസ്പർശിയായ ഓർമ്മകളുടെ സമാഹാരമാണ് 'അക്ഷീന്തലു'. ഗജ്ജേജല മല്ലറെഡ്ഡി ഒരു കവി മാത്രമല്ല, മികച്ചൊരു വാഗ്മി കൂടിയാണ്. സുരേന്ദ്രയുടെ കാർട്ടൂണുകളിലെ ആക്ഷേപഹാസ്യം സമൂഹത്തിന് ഒരു കണ്ണാടിയായി വർത്തിക്കുന്നു. സമകാലിക രാഷ്ട്രീയത്തെയും സാമൂഹിക സംഭവവികാസങ്ങളെയും കുറിച്ചുള്ള മൂർച്ചയേറിയ വിമർശനങ്ങൾ 'അക്ഷീന്തലു' വിലെ കാർട്ടൂണുകൾ മുന്നോട്ടുവെക്കുന്നുണ്ട്. ●




Members please try to send news to this latest bulletin by 1pm every Sunday. We may not be able to carry late news, unless it carries urgency.
Edited by KCA Chairman Sudheer Nath. Layout by Sunil Pankaj.